**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 598** **24-08-2022 - ൽ മറുപടിയ്ക്ക്**

**സിഡ്കോയുടെ വർക്കുകളുടെ അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സിഡ്കോയുടെ ഇപ്പോഴുള്ള വർക്കുകളുടെ സ്ഥിതി വിശദീകരിക്കാമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സിഡ്കോയുടെ ഇപ്പോഴുള്ള വർക്കുകളുടെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വർക്കുകളുടെ കരാറുകാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പ്രസ്തുത പ്രവർത്തികൾ ടെണ്ടർ ചെയ്തപ്പോൾ കരാറുകാരെ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നു. മറ്റ് തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എത്ര വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്; ഓരോന്നിന്റെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ? | (സി) | വിശദാംശം (എ) പാർട്ടിലെ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| എം.എൽ.എ - എ.ഡി.എസ് പ്രവർത്തികൾ - കോഴിക്കോട് | | | |
|---|---|---|---|
| ക്രമ. നം | പ്രവർത്തിയുടെ പേര് | ഡിപ്പാർട്ട്മെന്റ് | റിമാർക്സ് |
| 1 | ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ (IHRD) തിരുത്തിയാട് (കെട്ടിട നിർമ്മാണം | എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി, കോഴിക്കോട് | ടി പ്രവർത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ വെറ്റ് ചെയ്യുന്നതിന് കോഴിക്കോട് ഗവ:എഞ്ചിനീയറംഗ് കോളേജിന് നൽകിയിരിക്കുകയാണ്. |
| 2 | അക്ഷയ അംഗനവാടി കെട്ടിട നിർമ്മാണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | 70% പ്രവർത്തികൾ പൂർത്തീകരിച്ചു. പദ്ധതി സെപ്റ്റംബർ 2022-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| 3 | ജി.എം.യു.പി സ്കൂൾ പുതിയങ്ങാടി (ഒന്നാം ഘട്ടം) | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടി പ്രവർത്തി 4 പ്രാവശ്യം ടെൻഡർ ചെയ്യുകയും 5-ാം പ്രാവശ്യംL1 bidder ക്വാട്ട് ചെയ്ത റേറ്റ് കൂടുതൽ ആയതിനാൽ ക്ലൈന്റ് ഡിപ്പാർട്ട്മെന്റ് എസ്റ്റിമേറ്റ് ഡി.എസ്ആർ 2018-ൽ റികാസ്റ്റ് ചെയ്ത് സമർപ്പിക്കാൻ ആവശ്യപ്പെടുകയും അതിൻപ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. പുതുക്കിയ ഭരണാനുമതി പ്രകാരം 5-ാം തവണ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. |
| 4 | ജി.എം.യു.പി സ്കൂൾ പുതിയങ്ങാടി (രണ്ടാം ഘട്ടം) | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടി പ്രവർത്തി 3 പ്രാവശ്യം ടെൻഡർ ചെയ്യുകയും 4-ാം പ്രാവശ്യംL1 bidder ക്വാട്ട് ചെയ്ത റേറ്റ് കൂടുതൽ ആയതിനാൽ ക്ലൈന്റ് ഡിപ്പാർട്ട്മെന്റ് എസ്റ്റിമേറ്റ് ഡി.എസ്ആർ 2018-ൽ റികാസ്റ്റ് ചെയ്ത് സമർപ്പിക്കാൻ ആവശ്യപ്പെടുകയും അതിൻപ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. പുതുക്കിയ ഭരണാനുമതി പ്രകാരം 5-ാം തവണ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. |
| 5 | ചെലവൂർ ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | അരങ്ങിൽ ദാമോദരൻ റോഡ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടി പ്രവർത്തിയ്ക്ക് 24/06/2022-ന് എഗ്രിമെന്റ് വച്ചു. പ്രവർത്തി 1 വർഷത്തിനകം പൂർത്തീകരിക്കും. |
| 7 | കുണ്ടുപറമ്പ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം (ഒന്നാം ഘട്ടം ) | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | സ്കൂളിൽ ക്ലാസ്സുകൾ നടക്കുന്നതിനാൽ രണ്ടാം ഘട്ട പ്രവർത്തി പൂർത്തീകരിച്ച ശേഷം മാത്രം ഒന്നാം ഘട്ട പ്രവർത്തി ആരംഭിച്ചാൽ മതിയെന്ന് സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| 8 | കുണ്ടുപറമ്പ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം (രണ്ടാം ഘട്ടം ) | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | 50% പ്രവർത്തികൾ പൂർത്തീകരിച്ചു. പ്രവർത്തി 2022 സെപ്റ്റംബറിൽ പൂർത്തീകരിക്കും |

| | | | |
|---|---|---|---|
| 9 | മായനാട് എയ്ഡഡ് എൽ.പി & യു.പി. സ്കൂളിൽ അടുക്കള നിർമ്മാണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടെൻഡർ നടപടികൾ നടന്നുവരുന്നു. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം 7-ാമതായി ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. |
| 10 | എടക്കാട് യൂണിയൻ എ.യു.പി. സ്കൂളിൽ ടോയിലറ്റ് നിർമ്മാണം | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ | ടെൻഡർ നടപടികൾ നടന്നുവരുന്നു. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം 6-ാം തവണ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ